# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1170** — 12-07-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് വീട് നഷ്ടപ്പെട്ടവരിൽ ഇനി എത്ര പേർക്ക് പുനരധിവാസം നൽകാനുണ്ട് ; വിശദമാക്കമോ ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ഇതുവരെ ഏറ്റെടുത്തിട്ടുള്ള 79 വീടുകളിൽ 78 പേർക്ക് പുനരധിവാസത്തിനായി 5 സെന്റ് ഭൂമിവീതം നൽകിയിട്ടുണ്ട്. ഇതിൽ ഒരു വീടിന്റെ പുനരധിവാസത്തിൽ തീരുമാനം കൈകൊള്ളേണ്ടതായിട്ടുണ്ട്. പദ്ധതിക്കായി നോട്ടിഫൈ ചെയ്തതിൽ 13 വീടുകൾ കൂടി ഇനി ഏറ്റെടുക്കാൻ ഉണ്ട്. |
| (ബി) ടി പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് പരമ്പരാഗത തൊഴിൽ ചെയ്തു വന്നവർ, തൊഴിൽ നഷ്ടപ്പെട്ട ഹോട്ടൽ തൊഴിലാളികൾ എന്നിവരിൽ ഇനി എത്ര പേർക്ക് നഷ്ട പരിഹാരം നൽകാനുണ്ട് എന്നറിയി ക്കാമോ ? | (ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിനു വേണ്ടി നിയോഗിച്ച കമ്മിറ്റി കണ്ടെത്തിയ പുനരധിവസിപ്പിക്കേണ്ടവരുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിക്ക് ഏകദേശം 18000 അപ്പീലുകളാണ് ലഭിച്ചിരിക്കുന്നത്. ഇതിൽ പദ്ധതിയുടെ നിർമ്മാണപ്രദേശത്ത് പുനരധിവാസത്തിന് അർഹരായവരുടെ ആദ്യ ഘട്ട റിപ്പോർട്ട് പ്രകാരം ധനസഹായം നൽകി കഴിഞ്ഞിട്ടുണ്ട്. ധനസഹായം നൽകാനുള്ള രണ്ടാം ഘട്ട റിപ്പോർട്ട് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. വളരെയധികം അപ്പീലുകൾ ലഭ്യമായിട്ടുള്ളതിനാൽ ഇനി എത്ര പേർ നഷ്ടപരിഹാരത്തിന് അർഹരാണെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ